DESPATCHED
On..13/5/22....



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 138, 139(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 2213, 2218/SIC-G4/2022)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ
തീയതി : 2022 മേയ് 6

ശ്രീ. ഡേവീസ് പി.കെ.,
പീണിക്കപറമ്പൻ വീട്,
എലിഞ്ഞിപ്ര പി.ഒ.,
പരിയാരം (വഴി), തൃശ്ശൂർ - 680 721.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
തിരുവില്വാമല ഗ്രാമപഞ്ചായത്ത് ആഫീസ്,
തിരുവില്വാമല പി.ഒ., തൃശ്ശൂർ - 680 588.

2) അപ്പീൽ അധികാരി &
പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ,
പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്-2 കാര്യാലയം,
വള്ളത്തോൾ നഗർ, ചെറുത്തുരുത്തി പി.ഒ.,
തൃശ്ശൂർ.
} എതിർകക്ഷികൾ

| | | |
|---|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | | 14/08/2021, 18/09/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | | 13/09/2021, 18/10/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | | 01/10/2021, 04/10/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | | 30/10/2021, 30/10/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | | 27/01/2022, 06/01/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | | 04/02/2022, 04/02/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | | 11/02/2022, 11/02/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | | 07/03/2022, 14/03/2022 |
| ഹിയറിംഗ് നടന്ന തീയതി | | 04/05/2022 -വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം | അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ഡേവീസ് പി.കെ., കമ്മീഷൻ മുമ്പാകെ 27.01.2022, 06.01.2022 എന്നീ തീയതികളിൽ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ

വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷകളിൽ ആവശ്യപ്പെട്ട വിവരങ്ങളോ രേഖകളോ യഥാവിധി നൽകിയില്ലെന്നും, പകർപ്പ് ഫീ അടക്കുന്നതിന് തെറ്റായ ഹെഡ് ഓഫ് അക്കൗണ്ടാണ് നൽകിയതെന്നും ഇപ്രകാരം തെറ്റായ മറുപടി നൽകിയതിനെതിരെ സമർപ്പിച്ച അപ്പീൽ അപേക്ഷ വേണ്ടവിധം പരിശോധിക്കാതെയാണ് തീർപ്പാക്കിയതെന്നും അപ്പീൽ തീർപ്പാക്കൽ ഉത്തരവിലെ നിർദ്ദേശങ്ങൾ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അനുസരിച്ചിട്ടില്ലെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 14.08.2021–ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കണമെന്നാണ്:

1) പ്രോവിഡന്റ് ഫണ്ട് വിഹിതം ഉൾപ്പെടെ ജീവനക്കാരുടെ വേതനത്തിൽ നിന്ന് പിടിച്ചതും (യഥാസമയം അടവാക്കുന്നതിന് സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥ എന്ന നിലയിൽ യഥാസമയം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ അടച്ച് അവരുടെ അവകാശങ്ങൾ സംരക്ഷിക്കേണ്ട ഉദ്യോഗസ്ഥയായിരുന്നിട്ടും) യഥാസമയം മേൽപ്പറഞ്ഞ തുകകൾ യഥാവിധി അടവാക്കാത്തതിനാൽ ജീവനക്കാർക്ക് സാമ്പത്തിക നഷ്ടത്തിന് കാരണമായി എന്നും തിരുവില്വാമല ഗ്രാമപഞ്ചായത്തിലെ നിലവിലെ സെക്രട്ടറി ചുമതലയേറ്റ ശേഷം പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാർക്ക് മേൽപ്പറഞ്ഞവിധം നീതി നിഷേധിക്കുന്നതിന് ഇടയായ കാരണം ഏന്തെങ്കിലുമുണ്ടെങ്കിൽ ആയത് വെളിപ്പെടുത്തണമെന്നും ആയതിന് പ്രസ്തുത കാരണം അടങ്ങിയ രേഖകളുടെ പകർപ്പ് നൽകണമെന്നും
2) 2021 ഏപ്രിൽ മാസം മുതൽ ജീവനക്കരുടെ ക്ഷാമബത്ത കുടിശ്ശിക പ്രോവിഡന്റ് ഫണ്ടിൽ അടവാക്കുന്നതിന് സർക്കാർ ഉത്തരവുണ്ടായിരുന്നു എന്നും എന്നാൽ സാധൂകരിക്കാനാവാത്തതും ന്യായങ്ങൾ പറഞ്ഞ് പ്രസ്തുത തുക പ്രോവിഡന്റ് ഫണ്ടിൽ അടവാക്കുന്നത് ബോധപൂർവ്വം വൈകിപ്പിച്ചതിനാൽ ജീവനക്കാർക്ക് സാമ്പത്തിക നഷ്ടത്തിനിടയാക്കി എന്നും ഇപ്രകാരമുള്ള നടപടിക്ക് തിരുവില്വാമല ഗ്രാമപഞ്ചായത്തിലെ നിലവിലെ സെക്രട്ടറിക്ക് അധികാരം ലഭിച്ചത് ഏത് നിയമം, ചട്ടം, സർക്കാർ ഉത്തരവ് പ്രകാരമാണോ എന്നും പ്രസ്തുത നിയമം, ചട്ടം/സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാണോ എന്നും അല്ലെങ്കിൽ സെക്രട്ടറിക്ക് യഥേഷ്ടം അപ്രകാരം പ്രവർത്തിക്കുന്നതിന് അധികാരം ലഭ്യമായത് എങ്ങനെയെന്നുള്ള രേഖകളുടെ പകർപ്പ് ലഭ്യമാക്കണമെന്നും മറ്റുമായി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ഒന്നാം എതിർകക്ഷി മുമ്പാകെ 18.09.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങൾ 48 മണിക്കൂറിനകം ലഭ്യമാക്കണമെന്നാണ്:

1) തിരുവില്വാമല ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലാർക്കായി സേവനമനുഷ്ഠിച്ച ടിയാന്റെ ക്ഷാമബത്ത കുടിശ്ശിക പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചതിന്റെയും, കോവിഡ് മഹാമാരിയുടെ പ്രതിരോധ നടപടികൾ ഉൾപ്പെടെ ആവശ്യങ്ങൾക്ക് സർക്കാർ ഉത്തരവ് പ്രകാരം വേതനത്തിൽ നിന്ന് പിടിച്ചു മാറ്റിവെച്ച തുക പൂർണ്ണമായും അപേക്ഷകന് കൈമാറിയത് തെളിയിക്കുന്ന രേഖയുടെ പകർപ്പ് നൽകണമെന്നും
2) തിരുവില്വാമല ഗ്രാമപഞ്ചായത്തിൽ ഹെഡ്ക്ലാർക്കായി സേവനമനുഷ്ഠിക്കുന്നതിനു മുമ്പേ അപേക്ഷകന് അതേ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ബൈസൻവാലി ഗ്രാമപഞ്ചായത്തിലെ സേവന കാലത്തെ ക്ഷാമബത്ത കുടിശ്ശിക പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചിട്ടില്ല എന്ന് വ്യക്തമാക്കികൊണ്ട് ബൈസൻവാലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി തിരുവില്വാമല ഗ്രാമപഞ്ചായത്തിന് കൈമാറിയ സാക്ഷ്യപത്രത്തിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും മറ്റുമായി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി 14.8.2021-ലെ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 13.9.2021 എന്നതിന് പകരം 13.8.2021 എന്ന് തെറ്റായി തീയതി രേഖപ്പെടുത്തി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. തുടർന്ന് ടി വിവരാവകാശ അപേക്ഷയിലെ ആദ്യത്തെ മൂന്ന് ചോദ്യങ്ങൾക്ക് ലഭിച്ച മറുപടി അപൂർണ്ണവും അവ്യക്തവുമാണെന്ന് ആരോപിച്ച് ഇക്കാര്യത്തിൽ ഹർജിക്കാരൻ 01.10.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ തീർപ്പാക്കി 30.10.2021 തീയതി രണ്ടാം എതിർകക്ഷി പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൽ തിരുവില്വാമല ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ വേതനത്തിൽ നിന്നും ഈടാക്കുന്ന പി.എഫ്, ജി.ഐ.എസ്, എസ്.എൽ.ഐ. തുടങ്ങിയവ അതാതു മാസം ട്രഷറിയിൽ അടവാക്കുന്നത് സംബന്ധിച്ചും ടി പഞ്ചായത്തിലെ ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക 2021 ഏപ്രിൽ മാസം മുതൽ പ്രോവിഡണ്ട് ഫണ്ടിൽ അടയ്ക്കാത്തത് സംബന്ധിച്ചും, അപേക്ഷകൻ പഞ്ചായത്തിൽ നൽകിയ പരാതിയുടെ പകർപ്പുകൾ, ആയതിൽ സ്വീകരിച്ച അനന്തരനടപടികൾ, അപേക്ഷകനെതിരെ ടി സ്ഥാപനത്തിലെ ജീവനക്കാർ പരാതി സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ മുതലായ വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നും ആയതിന് എസ്.പി.ഐ.ഒ.

നൽകിയ മറുപടിയിൽ ആദ്യത്തെ 3 ചോദ്യങ്ങൾക്കും വ്യക്തമായ മറുപടി ലഭിക്കണമെന്നാണ് അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നതെന്നും ആയതുപ്രകാരം ഒന്നാം എതിർകക്ഷി വിശദീകരണം ബോധിപ്പിച്ചിട്ടുള്ളതും ഓഫീസിലെ പി.എഫ് തുടങ്ങിയവ അടവാക്കുന്നത് സംബന്ധിച്ചും ആയത് വൈകിയതിന്റെ കാരണവും സംബന്ധിച്ചാണ് ഒന്നാമത്തെ ചോദ്യത്തിൽ ആവശ്യപ്പെട്ടതെന്നും ജീവനക്കാരുടെ വേതനത്തിൽ നിന്ന് ഈടാക്കുന്ന പി.എഫ്., ജി.ഐ.എസ്, എസ്.എൽ.ഐ. തുടങ്ങിയവ യഥാസമയം അടവാക്കുന്നുണ്ടെന്ന മറുപടിയാണ് അപേക്ഷകന് നൽകിയിട്ടുള്ളതെന്നും രണ്ടാമത്തെ ചോദ്യത്തിൽ ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക പ്രോവിഡന്റ് ഫണ്ടിൽ അടവാക്കുന്നത് സംബന്ധിച്ച് വെളിവാക്കുക എന്നതിന് സെക്ഷൻ ക്ലാർക്കിന് ആവശ്യമായ നിർദ്ദേശം സൂപ്പർവൈസർ എന്ന നിലയിൽ ഹെഡ് ക്ലാർക്ക് ചെയ്തതായി കാണുന്നില്ല എന്നാണ് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളതെന്നും നിലവിൽ അരിയർ ഡി.എ. അടവാക്കുന്നതിന് ട്രഷറിയിലേക്ക് നൽകിയിട്ടുള്ളതാണെന്നും മൂന്നാമത്തെ ചോദ്യത്തിൽ ശ്രീ. ഡേവീസ് തിരുവില്വാമല ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ ഔദ്യോഗിക കുറിപ്പുകളുടെ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പുകളാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നും ടിയാൻ നിരവധി അപേക്ഷകൾ നൽകിയിട്ടുള്ളതിനാൽ ഏതാണെന്ന് വ്യക്തമാക്കുന്നതിന് മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്. ടിയാന്റെ ഒന്നാമത്തെ ചോദ്യത്തിന് ജീവനക്കാരുടെ വേതനത്തിൽ നിന്ന് ഈടാക്കുന്ന പി.എഫ്, ജി.ഐ.സ്., എസ്.എൽ.ഐ. തുടങ്ങിയ കാര്യങ്ങൾ ട്രഷറിയിൽ അടവാക്കുന്നതിന് തടസം ഉണ്ടായിട്ടുണ്ടെങ്കിൽ ആയതിന് കാരണമായ രേഖകളുടെ പകർപ്പ് ഒരാഴ്ചയ്ക്കകം സൗജന്യമായി ഹർജിക്കാരന് അനുവദിക്കേണ്ടതാണെന്നും 2-ാമത്തെ ചോദ്യത്തിലെ ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക പ്രോവിഡണ്ട് ഫണ്ടിൽ അടവാക്കുന്നത് സംബന്ധിച്ച് അപേക്ഷ പരിശോധിച്ച് ബന്ധപ്പെട്ട പബ്ലിക് അതോറിറ്റിയുടെ കൈവശമുള്ളതോ അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ നിശ്ചിത ഫീസ് ഈടാക്കി നൽകണമെന്നും 3-മതായി ആവശ്യപ്പെട്ട, അപേക്ഷകൻ സമർപ്പിച്ച അപേക്ഷകളിൻമേൽ സ്വീകരിച്ച നടപടികളുടെ പകർപ്പുകൾ എസ്.പി.ഐ.ഒ. നൽകിയതായി കാണുന്നില്ലെന്നും ആയതിനാൽ ടി അപേക്ഷകളിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സൗജന്യമായി ഹർജിക്കാരന് നൽകേണ്ടതാണെന്നുമാണ്.

4. 27.1.2022-ലെ രണ്ടാം അപ്പീൽ ഹർജിയിന്മേൽ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ വിവരാവകാശ നിയമം അനുശാസിക്കുന്ന നിശ്ചിത സമയപരിധിക്കകം നൽകിയിട്ടുണ്ടെന്നും അപേക്ഷകനെതിരെ ടി വിഷയുമായി ബന്ധപ്പെട്ട് വന്ന പരാതി പ്രസിഡന്റിന്റെ സാന്നിധ്യത്തിൽ രമ്യമായി

പരിഹരിക്കുന്നതിന് ശ്രമിച്ചിട്ടുള്ളതാണെന്നും ഇക്കാര്യത്തിൽ അദ്ദേഹത്തിനെതിരെ യാതൊരുവിധ ഓഫീസ് നടപടികൾ സ്വീകരിക്കുകയോ വകുപ്പുതല നടപടികൾക്ക് ശുപാർശ ചെയ്യുകയോ ചെയ്തിട്ടില്ലെന്നും അദ്ദേഹത്തിന്റെ ക്ഷാമബത്ത കുടിശ്ശിക തുക മറ്റ് ജീവനക്കാരുടെ ഒപ്പം തന്നെ പ്രോവിഡന്റ് ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ടെന്നും വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിന്മേൽ മറുപടി നൽകുന്നതിന് മന:പൂർവ്വമായ വീഴ്ചകളൊന്നും തന്നെ വരുത്തിയിട്ടില്ലെന്നും ലഭ്യമായ വിവരങ്ങൾ മറച്ചു വെക്കുന്നതിനുമുള്ള ശ്രമങ്ങളൊന്നും തന്നെ ഉണ്ടായിട്ടില്ലെന്നുമാണ്.

5. 6.1.2022–ലെ രണ്ടാം അപ്പീൽ ഹർജിയിന്മേൽ രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ വിവരാവകാശ നിയമം അനുശാസിക്കുന്ന നിശ്ചിത സമയപരിധിക്കകം നൽകിയിട്ടുണ്ടെന്നും രേഖകളുടെ പകർപ്പ് ഫീസ് അടവാക്കാത്തത് കാരണമാണ് പകർപ്പുകൾ നൽകാതിരുന്നതെന്നും ടിയാൻ ആവശ്യപ്പെട്ട ചോദ്യങ്ങളൊന്നും തന്നെ വിവരാവകാശ നിയമം സെക്ഷൻ 7 പ്രകാരം 48 മണിക്കൂറിനകം മറുപടി നൽകേണ്ടതിന്റെ സമയപരിധിയിൽ വരുന്നതല്ലാത്തതിനാലാണ് 48 മണിക്കൂറിനകം മറുപടി നൽകാതിരുന്നത് എന്നും അപേക്ഷകനെതിരെ ടി വിഷയവുമായി ബന്ധപ്പെട്ട് വന്ന പരാതിയിൻമേൽ യാതൊരുവിധ ഓഫീസ് നടപടികൾ സ്വീകരിക്കുകയോ വകുപ്പുതല നടപടികൾക്ക് ശുപാർശ ചെയ്യുകയോ ചെയ്തിട്ടില്ലെന്നും ടിയാന്റെ പ്രോവിഡന്റ് ഫണ്ട് കുടിശ്ശികകൾ അടവാക്കിയിട്ടുണ്ടെന്നും ഡെഫേഡ് സാലറി സർക്കാർ ഉത്തരവ് പ്രകാരം ശമ്പളത്തിൽ നിന്നും കുറവ് ചെയ്ത് തിരികെ അനുവദിച്ചിട്ടുണ്ടെന്നും വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിന്മേൽ മറുപടി നൽകുന്നതിന് മന:പൂർവ്വമായ വീഴ്ചകളൊന്നും തന്നെ വരുത്തിയിട്ടില്ലെന്നുമാണ്.

6. അപ്പീൽ ഹർജികളും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ 4 ഇനങ്ങളിലായി 14.8.2021–ന് നൽകിയ വിവരാവകാശ അപേക്ഷയിലെ ഒന്നാമത് ഇനത്തിൽ എതിർകക്ഷി ഓഫീസിലെ പി.എഫ്., ജി.ഐ.സ്., എസ്.എൽ.ഐ. തുടങ്ങിയവ അടക്കുന്നത് സംബന്ധിച്ചും ആയത് അടയ്ക്കുവാൻ വൈകിയത് സംബന്ധിച്ചുമുള്ള വിവരങ്ങളുമാണ് തേടിയിട്ടുള്ളത്. ആയതിന് അതതുമാസം ട്രഷറിയിൽ അടവാക്കുന്നുണ്ട് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. രണ്ടാമത്തെ ചോദ്യത്തിൽ, ക്ഷാമബത്ത കുടിശ്ശിക പി.എഫ്.ൽ അടവാക്കുന്നത് സംബന്ധിച്ച ചോദ്യത്തിന് ആയത് അടവാക്കുന്നതിന് ട്രഷറിയിലേക്ക് നൽകിയിട്ടുള്ളതായി കാണുന്നു. മൂന്നാമത്തെ ചോദ്യത്തിൽ ഹർജിക്കാരൻ തിരുവില്വാമല ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ ഔദ്യോഗിക കുറിപ്പുകളുടെ

പകർപ്പുകളാണ് ആവശ്യപ്പെട്ടിരുന്നത്. ആയത് കണ്ടുപിടിക്കുന്നതിന് ഏത് കുറിപ്പാണ് ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കാൻ നൽകിയ മറുപടിയിൽ ആവശ്യപ്പെട്ടിട്ടുള്ളതാണ്. 4-ാമത്തെ ചോദ്യത്തിൽ ആവശ്യപ്പെട്ട ടിയാനെതിരെ ലഭിച്ച പരാതിയുടെ പകർപ്പ് നൽകണമെന്നാണ്. ആയതിന് 20/- രൂപ പകർപ്പ് ഫീ ഒടുക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ഹർജിക്കാരൻ 5 ഇനങ്ങളിലായി 18.9.2021-ന് നൽകിയ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം, നൽകാതിരുന്നത് പകർപ്പ് ഫീ അടവാക്കാത്തതിനാലാണെന്നും കാണുന്നു. ആയതിനാൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷകൾക്ക് മറുപടി നൽകുന്നതിൽ ബോധപൂർവ്വമോ മന:പൂർവ്വമോ ആയ വീഴ്ച ഉണ്ടായതായി കാണുന്നില്ല. മാത്രമല്ല ഹർജിക്കാരൻ കമ്മീഷനിൽ സമർപ്പിച്ച ഹർജികളിൽ ഉന്നയിക്കും പ്രകാരം ഭരണപരമായ നടപടിക്രമങ്ങളിൽ ഉണ്ടായ വീഴ്ച കാരണം ടിയാൻ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് സാമ്പത്തിക നഷ്ടത്തിന് കാരണമായി എന്ന പരാതിയുടെ പരിഹാരത്തിനായി ഹർജിക്കാരന് ബന്ധപ്പെട്ട മേലധികാരിക്ക് പരാതി നൽകി പരിഹാരം കാണാവുന്നതാണ്. അതുപോലെ തന്നെ ഹർജിക്കാരൻ 18.9.2021-ന് നൽകിയ അപേക്ഷയ്ക്ക് 48 മണിക്കൂറിനകം മറുപടി നൽകേണ്ട യാതൊരു അടിയന്തിര സാഹചര്യവും ഹർജിക്കാരൻ സമർപ്പിച്ച ടി അപേക്ഷയിൽ ഉണ്ടെന്ന് കമ്മീഷന് ബോധ്യമാകുന്നുമില്ല. മാത്രമല്ല ഇക്കാര്യത്തിൽ ലഭ്യമായ മറുപടികൾ എതിർകക്ഷികൾ സമയബന്ധിതമായി നൽകിയിട്ടുമുണ്ട്. എന്നിരുന്നാലും ഹർജിക്കാരന് ലഭ്യമാക്കിയ മറുപടിയിലുള്ള ആക്ഷേപം ദുരീകരിക്കുന്നതിന്, ഹർജിക്കാരൻ ആവശ്യപ്പെടുകയാണെങ്കിൽ ബന്ധപ്പെട്ട രേഖകൾ നേരിട്ട് പരിശോധിച്ച് ബോധ്യപ്പെടുന്നതിന് ഒന്നാം എതിർകക്ഷി ഒരിക്കൽ കൂടി അവസരം നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മേയ് 6-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

us